(ഇ) ഉണ്ട്. കേന്ദ്ര സർക്കാർ ഫണ്ട് ലഭ്യമാകുന്നതിൽ കാലതാമസ്സം നേരിടുമ്പോഴും ഇലക്ട്രോണിക് ഫണ്ട് മാനേജ്മെന്റ് സംവിധാനത്തിൽ താൽക്കാലികമായി സംഭവിക്കുന്ന തടസ്സങ്ങളും കാരണം ചില അവസരങ്ങളിൽ സമയബന്ധിതമായി കൂലി വിതരണം, നടത്താൻ കഴിയാത്ത സാഹചര്യം ഉണ്ടായിട്ടുണ്ട്. 1-1-2016-ൽ നാഷണൽ ഇ.എഫ്.എം.എസ്. സംവിധാനം വഴി കേന്ദ്ര സർക്കാരിന്റെ സഹായത്താൽ നേരിട്ട് തൊഴിലാളികളുടെ അക്കൗണ്ടിലേക്ക് കേന്ദ്ര ഫണ്ടിൽ നിന്നും വേതനവിതരണം ചെയ്യുന്ന രീതി അവലംബിച്ചിട്ടുണ്ട്. ഇ.എഫ്.എം.എസ്. സംവിധാനത്തിലെ തടസ്സങ്ങൾ യഥാസമയം കണ്ടെത്തി പരിഹരിക്കുന്നതിന് സംസ്ഥാന സർക്കാർ ഒരു കൺസൾട്ടന്റിനെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. മാത്രമല്ല, മസ്റ്റർറോൾ പൂർത്തീകരിച്ചാൽ മെഷർമെന്റ്, ചെക്ക് മെഷർമെന്റ്, വേജ് ലിസ്റ്റ് തയ്യാറാക്കൽ എന്നിവ സമയബന്ധിതമായി പൂർത്തീകരിച്ച് ഫണ്ട് ട്രാൻസ്ഫർ ഓർഡറുകൾ പുറപ്പെടുവിക്കുന്നതിനുള്ള നിർദ്ദേശം നൽകുകയും വേതന വിതരണത്തിൽ കാലതാമസം നേരിട്ടാൽ അർഹമായ തുകയുടെ 0.05% നിരക്കിൽ നഷ്ടപരിഹാരം ലഭ്യമാക്കുന്നതിനും സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കൊട്ടാരക്കര, വെട്ടിക്കവല ബ്ലോക്കുകളിലെ നിർമ്മാണ പ്രവൃത്തികൾ

35 (1409) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എം.ജി.എസ്.വൈ. (PMGSY) പദ്ധതി പ്രകാരം കൊട്ടാരക്കര, വെട്ടിക്കവല ബ്ലോക്കുകളിൽ നിലവിൽ നിർമ്മാണം പുരോഗമിക്കുന്ന പ്രവൃത്തികളും അവയുടെ നിലവിലെ സ്ഥിതിയും വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം അനുമതി ലഭിച്ചതും നിർമ്മാണം ആരംഭിക്കാതെ കിടക്കുന്നതും നിർമ്മാണം ആരംഭിച്ചിട്ട് പൂർത്തീകരിക്കാതെ കിടക്കുന്നതുമായ പ്രവൃത്തികളുടെ വിവരങ്ങൾ (കൊട്ടാരക്കര, വെട്ടിക്കവല ബ്ലോക്കുകൾ) നൽകുമോ;

(സി) പ്രസ്തുത ബ്ലോക്കുകളിൽ ഉൾപ്പെടുന്നതും പ്രസ്തുത പദ്ധതിൽപ്പെട്ടതും ഏറ്റവും ഒടുവിലായി ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ വിവരങ്ങളും അവയുടെ നിലവിലെ സ്ഥിതിയും വെളിപ്പെടുത്താമോ?

ഉത്തരം

(എ) അനുബന്ധം 1 * ആയി ചേർത്തിരിക്കുന്നു.

(ബി) അനുബന്ധം 2 * ആയി ചേർത്തിരിക്കുന്നു.

(സി) അനുബന്ധം 3 * ആയി ചേർത്തിരിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly